©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2020 ഒക്ടോബർ 22<br>22nd October 2020<br>1196 തുലാം 6<br>6th Thulam 1196<br>1942 ആശ്വിനം 30<br>30th Aswina 1942 | നമ്പർ<br>No. | 2501 |

### കേരള സർക്കാർ

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ. 89/2020/ധനം.

*തിരുവനന്തപുരം, 2020 ജൂലൈ 1*
*1195 മിഥുനം 17.*

**എസ്. ആർ. ഒ. നമ്പർ 726/2020**

ഭാരതത്തിന്റെ ഭരണഘടനയുടെ 283 -ാം അനുച്ഛേദം (2) - ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള ഗവർണ്ണർ, 1963 ഏപ്രിൽ 6 -ാം തീയതിയിലെ 54282/സി.ആർ/59/ധനം നമ്പർ വിജ്ഞാപനമായി പ്രസിദ്ധീകരിച്ച 1963 – ലെ കേരള ട്രഷറി ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനായി, ഇതിനാൽ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Scanned with CamScanner

Scanned with OKEN Scanner

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2020 – ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.- 1963 – ലെ കേരള ട്രഷറി ചട്ടങ്ങളിൽ, II -ാം വാല്യത്തിൽ, 3 -ാം അനുബന്ധത്തിൽ, 19 -ാം ചട്ടത്തിലെ നിലവിലുള്ള കുറിപ്പ് 2 – ന് ശേഷം താഴെ പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"കുറിപ്പ് 3:- അസുഖമോ ശയ്യാവലംബിയായോ ആയ കാരണത്താൽ അക്കൗണ്ട് ഉടമ, ട്രഷറി സേവിംഗ്സ് ബാങ്ക് ചെക്കിൽ ഒപ്പിടാൻ കഴിയാതെ വരുന്ന അവസ്ഥയിലായിരിക്കുമ്പോൾ, അക്കൗണ്ട് ഉടമ അയാളുടെ വിരലടയാളം ചെക്കിൽ പതിച്ച്, അത്, ഒരു ഗസറ്റഡ് ഓഫീസർ/വില്ലേജ് ഓഫീസർ/ഗ്രാമ പഞ്ചായത്തിലെയോ ബ്ളോക്ക് പഞ്ചായത്തിലെയോ ജില്ലാ പഞ്ചായത്തിലെയോ/മുനിസിപ്പാലിറ്റിയിലെയോ/കോർപ്പറേഷനിലെയോ/നിയമസഭയിലെയോ അല്ലെങ്കിൽ ലോകസഭയിലെയോ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി സാക്ഷ്യപ്പെടുത്തി നൽകിയാൽ, ആയത് പാസ്സാക്കുന്നതിന് ട്രഷറി ഓഫീസറെ അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു. ഈ ആവശ്യത്തിലേക്കായി അക്കൗണ്ട് ഉടമ നേരിട്ട് ട്രഷറിയിൽ ഹാജരാകേണ്ടതില്ല."

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

രാജേഷ് കുമാർ സിംഗ് ഐ.എ.എസ്.,

*ഗവണ്മെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Scanned with CamScanner

Scanned with OKEN Scanner

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, ഇതിന്റെ പൊതുവായ ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

രോഗിയും ശയ്യാവലംബിയും ട്രഷറി സേവിംഗ്സ് ബാങ്ക് ചെക്ക് ഒപ്പിടുവാൻ കഴിയാത്തവരുമായ വ്യക്തികളിൽ നിന്നും ധാരാളം നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, അക്കൗണ്ട് ഉടമയുടെ വിരലടയാളം രേഖപ്പെടുത്തിയ ചെക്ക്, ഗസറ്റഡ് ഓഫീസർ/വില്ലേജ് ഓഫീസർ/ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/നിയമസഭ/ലോകസഭയിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അത് ചട്ടപ്രകാരം പാസ്സാക്കി നൽകുവാൻ ട്രഷറി ഓഫീസർക്ക് അധികാരം നൽകുന്നതിനായി 1963 – ലെ കേരള ട്രഷറി ചട്ടങ്ങളിലെ, II - ാം വാല്യത്തിലെ, 19 – ാം ചട്ടത്തിൽ കുറിപ്പ് 3 ആയി ചേർത്തുകൊണ്ട് പ്രസ്തുത ആവശ്യത്തിലേയ്ക്കായി ചട്ടങ്ങൾ അനുയോജ്യമായി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

SHIMJITH M K

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Scanned with CamScanner

Scanned with OKEN Scanner